LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ-പരവൂർ റോഡിന്റെ നവീകരണം

334(3259) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിലുള്ള ചാത്തന്നൂർ-പരവൂർ റോഡിന്റെ ആദ്യ ഭാഗം ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ട് മാസങ്ങളായെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും ഉണ്ടായില്ലായെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിലേക്ക് ടെണ്ടർ നടപടികളും ക്വട്ടേഷൻ നടപടികളും പൂർത്തീകരിച്ചുവെങ്കിലും ആയത് യാഥാർത്ഥ്യമാകുവാൻ ഒരു വർഷമെങ്കിലും സമയമെടുക്കുമെന്ന കാര്യം പരിഗണിച്ച് താത്കാലികമായി റോഡ് മെയിന്റനൻസ് നടത്തുവാൻ ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(സി) പൊതുജന രോഷവും ജനപ്രതിനിധികളുടെ സമരവും നിരന്തരം ഉണ്ടാകുന്ന ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം.

(എ&ബി) പ്രസ്തുത റോഡിന്റെ താൽക്കാലിക അറ്റകുറ്റപണികൾ ചെയ്തു വരുന്നു.

(സി) ടി റോഡിന്റെ കരാർ വേലയുടെ ടെണ്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നെങ്കിലും എൽ.എം.ആർ-ഉം ഡി.എസ്.ആർ. 2013-ഉം ഒറിജിനൽ എസ്റ്റിമേറ്റുമായിട്ടുള്ള വ്യത്യാസം കണക്കാക്കി സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അംഗീകാരം നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങുന്നതാണ്.

മുട്ടാങ്ങൽ-നാദാപുരം റോഡിന്റെ നിലവാരം ഉയർത്താൻ നടപടി

335(3260) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടാങ്ങൽ-നാദാപുരം റോഡ് സംസ്ഥാനപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;